# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 6313 08.07.2014-ൽ മറുപടിയ്ക്ക്

## ജയപ്രസാദിനും നാരായണൻ നായർക്കുമെതിരെയുള്ള കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽ വച്ച് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച ജയപ്രസാദിനോടും 2014 ഫെബ്രുവരിയിൽ വടകരയിൽ ദേശീയപാത സ്ഥലമെടുപ്പിനെതിരെ പ്രതിഷേധിച്ച നാരായണൻ നായരോടും പോലീസുകാർ അതിക്രമം കാണിച്ച സംഭവങ്ങളിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ എന്തെല്ലാം തുടർ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) കുറ്റക്കാരായ പോലീസുകാർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തുകയും ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോ;വിശദമാക്കാമോ; | (എ) & (ബി) 2013 ആഗസ്റ്റ് മാസം തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് ജംഗ്ഷനിൽ വച്ച് മുഖ്യമന്ത്രിയെ കരിങ്കൊടി കാണിച്ച ജയപ്രസാദിനെ ദേഹോപദ്രവം ഏൽപ്പിച്ചതിലേയ്ക്ക് പൂന്തുറ Gr.SI ആയിരുന്ന വിജയദാസിനെ പ്രതിയാക്കി രജിസ്റ്റർ ചെയ്ത പേട്ട PS Crime 1275/13-ാം നമ്പർ കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുള്ളതും ബഹു.കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. വിജയദാസിനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുള്ളതും വകുപ്പുതല നടപടികൾ കൈക്കൊണ്ടിട്ടുള്ളതുമാണ്.<br>സർവ്വേ നടപടികൾ തടസ്സപ്പെടുത്തിയ പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കുമ്പോൾ അറസ്റ്റിന് വിസമ്മതിച്ച നാരായണൻ നായരെ വടകര സി.ഐ അദ്ദേഹത്തിന്റെ ബെൽറ്റിൽ പിടിച്ച് മതിയായ ബലം പ്രയോഗിച്ച് പോലീസ് വാഹനത്തിൽ കയറ്റുക മാത്രമേ ചെയ്തിട്ടുള്ളൂവെന്ന് അന്വേഷണത്തിൽ വ്യക്തമായതിനാൽ പോലീസുദ്യോഗസ്ഥർക്കെതിരെ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ജയപ്രസാദിനെതിരെയും നാരായണൻ നായർക്കെതിരെയും കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ജയപ്രസാദിനും മറ്റുമെതിരെ പേട്ട PS Crime No. 1260/13 U/s 143, 147, 149, 283, 353, 188 r/w Sec 3(1) of PDPP Act 1984 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. നാരായണൻനായർ ഉൾപ്പെടെ ന്യായവിരോധമായി സംഘം ചേർന്ന് സർവ്വേ ജോലി തടസ്സപ്പെടുത്തിയതിനും NH ഉപരോധിച്ച് വാഹന ഗതാഗതം തടസ്സപ്പെടുത്തിയതിനും സ്ഥലത്ത് നിന്ന് പിരിഞ്ഞ് പോകാൻ നിയമാനുസൃതമായ പോലീസിന്റെ ആജ്ഞ ലംഘിച്ചും സമരം തുടരുകയും പോലീസിന്റെ കൃത്യ നിർവ്വഹണം തടസപ്പെടുത്തിയതിനും വടകര PS Crime No. 224/14 U/s 143, 147, 145, 283 r/w 149 & 147 C of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് ബഹു. വടകര JFCM ഒന്ന് മുമ്പാകെ 23.4.2014-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ